LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി.-യിൽ സ്വകാര്യ പങ്കാളിത്തം

57 [375] ശ്രീ. ടി. എം. ജേക്കബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) സംസ്ഥാന വൈദ്യുതി ബോർഡിനെ കമ്പനിയാക്കുവാൻ ഉദ്ദേശിക്കുന്നുവോ;

(സി) എങ്കിൽ വൈദ്യുതി ഉൽപ്പാദനം, ട്രാൻസ്മിഷൻ, വിതരണം എന്നിവയ്ക്ക് പ്രത്യേകം കമ്പനികളുണ്ടാക്കുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തതനുസരിച്ച് വൈദ്യുതി ബോർഡ് പുനഃസംഘടിപ്പിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച തീരുമാനമൊന്നും എടുത്തിട്ടില്ല.

വൈദ്യുതി കണക്ഷൻ നൽകുന്നതിലെ നടപടിക്രമങ്ങൾ ലഘൂകരിക്കൽ

58 [376] ശ്രീ. ടി. എം. ജേക്കബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത കണക്ഷനുവേണ്ടിയുള്ള എത്ര അപേക്ഷകൾ ഇപ്പോൾ കെ.എസ്.ഇ.ബി.-യുടെ പരിഗണനയിലുണ്ടെന്നറിയിക്കാമോ;

(ബി) ഈ സാമ്പത്തിക വർഷം എത്ര കണക്ഷനുകൾ നൽകാനാണ് ഉദ്ദേശിക്കുന്നത്;

(സി) വൈദ്യുത കണക്ഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഉദ്ദേശ്യമുണ്ടോ?

ഉത്തരം

(എ) 3,56,070.

(ബി) 4.6 ലക്ഷം.

(സി) വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമം ലഘൂകരിച്ചു കൊണ്ട് 20-10-2004-ൽ ബോർഡ് ഉത്തരവ് നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന 500 വാട്ട് വരെ കണക്ടഡ് ലോഡ് വേണ്ടവർക്ക് സൗജന്യ കണക്ഷൻ നൽകി വരുന്നുണ്ട്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വൈദ്യുതി കണക്ഷൻ

59 [377] പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. കെ. അച്ചുതൻ:

,, വി. ജെ. പൗലോസ്:

,, എ. സുജനപാൽ:

,, പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയുടെ ആദ്യ നൂറ് ദിവസങ്ങൾക്കുള്ളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എത്ര കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുവാനാണ് പരിപാടിയിട്ടിരുന്നത്;

(ബി) പ്രസ്തുത കാലാവധിക്കുള്ളിൽ ഈ ഗണത്തിൽപ്പെടുന്ന എത്ര കുടുംബങ്ങൾക്ക് കണക്ഷൻ നൽകുവാൻ കഴിഞ്ഞു;

(സി) ഇനി എത്ര അപേക്ഷകർക്ക് കണക്ഷൻ കൊടുക്കാൻ ബാക്കിയുണ്ട് എന്ന് വിശദമാക്കുമോ;

(ഡി) അവർക്ക് എന്നത്തേക്ക് കണക്ഷൻ കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ ഗണത്തിൽപ്പെടുന്നവർ നൽകേണ്ട വൈദ്യുതി ചാർജ്ജ് എത്രയാണെന്ന് വെളിപ്പെടുത്തുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly